18/11/2024 ന് രാവിലെ 10.30 മണിക്ക് കണ്ണൂർ ഐ വി ഒ ചേമ്പറില് ചേർന്ന ഉപജില്ലാ അദാലത്ത് സമിതി -4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.

ഹാജർ:-

1. രത്നാകരൻ.വി.വി, IVO (കൺവീനർ)- (ഒപ്പ്)

2.രാജീവ്.പി.എം,,ATP,LSGD Planning- (ഒപ്പ്)

3.നിഷ വി .വി അസിസ്റ്റന്റ് എക്സി .എഞ്ചിനിയര്-(ഒപ്പ്)

4.രശ്മി പനോലി ,, അസിസ്റ്റന്റ് എഞ്ചിനിയര് മാങ്ങാട്ടിടം GP-(ഒപ്പ്)

5.സിന്ധു .സി, ഓവർസിയര് മാങ്ങാട്ടിടം GP-(ഒപ്പ്)

6.റോഷിത്ത് .എം, ക്ലാർക്ക് മാങ്ങാട്ടിടം GP-(ഒപ്പ്)

7.സിജുൻ കുമാര്, എ, കെ ,(മാകുട്ടി സുചിത്രന് വേണ്ടി ) -(ഒപ്പ്)

<u>Docket Number:-BPKNR41160000010 (മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് )</u>

<u>75/11-24 Dt 18/11/2024</u>

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ വാർഡ് III ൽ RS No. 41/166 ൽ നിലവിലുള്ള ഗ്രൗണ്ട്, 1st നിലകൾക്ക് മുകളിൽ 2nd ഫ്ലോർ നിർമ്മിച്ചത് ക്രമവൽക്കരിക്കാനുള്ള അപേക്ഷ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതിൽ KPBR ചട്ടം 35(2)ൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്റ്റെയറിന്റെ ഓപ്പൺ ഭാഗത്ത് ബ്രേക്കബിൾ ഗ്ലാസ് നൽകിയിട്ടുണ്ട് . അടിയന്തരഘട്ടങ്ങളിൽ പുറമേ നിന്നും ആക്സസബിൾ ആയ രീതിയിലാണ് നിലവിലുള്ളത്.പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള റിട്ടേൺ നോട്ട് പ്രകാരം ആയത് പര്യാപ്തമല്ല എന്നാണ് കാണിച്ചിരിക്കുന്നത് എന്നും ആയതിൽ ഒരു തീർപ്പുണ്ടാക്കി തരണമെന്നുമുള്ള ശ്രീ സിജുകുമാര് എ. കെ എന്നവരുടെ അപേക്ഷ അദാലത്ത് സമിതി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തില് ടി ക്രമവൽക്കരണ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് ശ്രി . മാക്കുട്ടി സുചിത്രൻ എന്നവരായതിനാല് , തേർഡ് പാർട്ടി പരാതി പരിഗണിക്കാന് നിർവ്വാഹമില്ലാത്തതിനാല് ആയത് നിരസിച്ചുകൊണ്ട് കൊണ്ട് തീരുമാനിച്ചു

<u>Docket Number:-BPKNR41160000011 (മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് )</u>

<u>76/11-24 Dt 18/11/2024</u>

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ വാർഡ് III ൽ RS No. 41/166 ൽ നിലവിലുള്ള ഗ്രൗണ്ട്, 1st നിലകൾക്ക് മുകളിൽ 2nd ഫ്ലോർ നിർമ്മിച്ചത് ക്രമവൽക്കരിക്കാനുള്ള അപേക്ഷ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതിൽ KPBR ചട്ടം 35(2)ൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്റ്റെയറിന്റെ ഓപ്പൺ ഭാഗത്ത് ബ്രേക്കബിൾ ഗ്ലാസ് നൽകിയിട്ടുണ്ട് . അടിയന്തരഘട്ടങ്ങളിൽ പുറമേ നിന്നും ആക്സസബിൾ ആയ രീതിയിലാണ് നിലവിലുള്ളത്.പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള റിട്ടേൺ നോട്ട് പ്രകാരം ആയത് പര്യാപ്തമല്ല എന്നാണ് കാണിച്ചിരിക്കുന്നത് എന്നും ആയതിൽ ഒരു തീർപ്പുണ്ടാക്കി

തരണമെന്നുമുള്ള ശ്രീ മാക്കുട്ടി സുചിത്രൻ എന്നവരുടെ  അപേക്ഷ. അദാലത്ത് സമിതി പരിശോധിച്ചു .

മേല് വിഷയം  സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ, അപേക്ഷകന്റെ പ്രതിനിധി എന്നിവരെ നേരിൽ കേട്ടതിൽ നിന്നും,അപേക്ഷകൻ സമർപ്പിച്ച 30/08 /2024 ലെ മേൽ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട അപേക്ഷയിൽ 01/10/2024ലെ ന. 401076 / BRMC02/ GP0/2024/5058/(1) പ്രകാരം അപേക്ഷകൻ ആയ ശ്രീ മാക്കുട്ടി സുചിത്രൻ എന്നവർക്ക് അഞ്ച് ന്യൂനതകൾ കാണിച്ചും ആയത് പരിഹരിച്ച് അപേക്ഷ പുനഃ സമർപ്പിക്കേണ്ടതാണെന്ന് കാണിച്ച് സെക്രട്ടറി നോട്ടീസ് നൽകിയതായി കാണുന്നു. സൂചിപ്പിച്ച അപാകതകളിൽ ക്രമനമ്പർ 3 ഒഴികെയുള്ള ചട്ടലംഘനങ്ങൾ പരിഹരിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എൻജിനീയർ നേരിൽ കേട്ടപ്പോൾ അറിയിച്ചിട്ടുണ്ട്.ക്രമനമ്പർ 3 ൽ – നിലവിൽ ഉൾപ്പെടുത്തിയ സ്റ്റെയർ, ഫയർ എസ്കേപ്പ് സ്റ്റെയറിന്റെ ചട്ടം 35 (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ (Fire escape staircase is one which is connected to public areas and/or common areas on all floors and leads directly to exterior open space at ground, has at least one side abutting external wall, this side being provided with openable glass or break open glass or fully open and has landing areas accessible from the external side to facilitate rescue operations during an emergency) പാലിക്കാത്തതിനാൽ ചട്ടം 35 (2) പ്രകാരമുള്ള ഫയർ എസ്കേപ്പ് സംവിധാനം കെട്ടിടത്തിൽ സജ്ജീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്

അപേക്ഷകന്റെ പ്രതിനിധി അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം നിർമ്മാണം മേൽച്ചട്ടം പാലിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ മേൽ കെട്ടിടം നിലവിലുള്ള ഗ്രൗണ്ട് (241.19 ച.മി ) , ഫസ്റ്റ് (273.41 ച.മി ),നിലകൾക്ക് മുകളിലായി പുതിയതായി സെക്കൻഡ് ഫ്ലോർ (273.41 ച.മി ) മൊത്തം 788.01 ച.മി  നിർമ്മിച്ചിട്ടുള്ളതായാണ് കാണുന്നത്.ചട്ടം 35 (2)(10) പ്രകാരം"if the staircase provided for the building up to three storeys satisfies the provisions of fire escape stairalso, no separate fire escape stair is needed "എന്ന് പ്രതിപാദിച്ചിട്ടുണ്ട്. സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ ലഭ്യമാക്കിയ സ്റ്റെയർകെയ്സ് ഫയർ എസ്കേപ്പ് സ്റ്റെയർ കേസിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നതിൽ സെക്രട്ടറി സൂചിപ്പിച്ച അപാകതകളിൽ പറഞ്ഞ ചട്ടം 35 (2) ലെ നോട്ട് "(Fire escape staircase is one which is connected to public areas and/or common areas on all floors and leads directly to exterior open space at ground, has at least one side abutting external wall, this side being provided with openable glass or break open glass or fully open and has landing areas accessible from the external side to facilitate rescue operations during an emergency)" പ്രകാരം സമർപ്പിച്ചിരിക്കുന്ന പ്ലാൻ പരിശോധിച്ചതിൽ ആയതിന്റെ ഫ്ലോർ ലെവലിലുള്ള ലാൻഡിങ് ഏരിയ അടിയന്തരഘട്ടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണെങ്കിലും ഫ്ലോറുകൾക്കിടയിൽ വരുന്ന ലാൻഡിങ് ഏരിയ ആയത് ലഭ്യമാകുന്നില്ല എന്ന് കാണുന്നു എന്നതിലും, കൂടാതെ മേൽ നോട്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു വശം പുറത്തെ ഭിത്തിയുമായി ചേരുന്ന ഭാഗമായിരിക്കണം എന്നും മേൽഭാഗം പൊട്ടിക്കാവുന്ന ഗ്ലാസ്സോ, തുറന്നിട്ടിരിക്കുന്നതോ  ആവണമെന്ന് വ്യവസ്ഥ

ചെയ്തിരിക്കുന്നു ,ആയതിൽ വശം സംബന്ധിച്ച് ചട്ടത്തിൽ വ്യക്തതക്കുറവുള്ളതിനാലും ആയവ പാലിക്കുന്നുണ്ടോ എന്നതില് വ്യക്തതക്കുറവുള്ളതിനാല് ടി അപേക്ഷ ജില്ലാതല സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

യോഗം 12.30 മണിക്ക് അവസാനിച്ചു ,അടുത്ത യോഗം 29/11/2024 ന് ചേരുന്നതിനു തീരുമാനിച്ചു

//ശരിപകർപ്പ്//

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002